









UAE EDITION
For Private Circulation Only
SEPTEMBER 2023

# ക്രിസ്ത്യൻലൈവ് വാർത്താപത്രിക

ആനന്ദം • ആശ്വാസം • അനുഗ്രഹം

on the battlefield for the Great commission

CNL 7 MEDIA

PAGES 4

## ഭക്തസ്മരണ സംഗീത നിശകൾ സമാപിച്ചു



**ഉം അൽ ക്വയിൻ:** നിത്യതയിൽ പ്രവേശിച്ച ക്രിസ്തീയ സംഗീതജ്ഞനായ ഭക്തവത്സലന്റെ പ്രധാന ഗാനങ്ങൾ കോർത്തിണക്കി ക്രിസ്ത്യൻ ലൈവ് സംഘടിപ്പിച്ച ഭക്തസ്മരണ പ്രോഗ്രാമുകൾ യു.എ.ഇ യിൽ സമാപിച്ചു. ദുബായ്, ഷാർജ, അജ്മാൻ, ഉം അൽ ക്വയിൻ, റാസൽഖൈമ, ഫുജൈറ എന്നീ എമിറേറ്റ്സുകളിലായി നടത്തിയ പത്തോളം സംഗീത സന്ധ്യകളിൽ ആയിര കണക്കിനാളുകൾ പങ്കെടുത്തു.

ക്രിസ്ത്യൻ ലൈവിന്റെ വിവിധ എമിറേറ്റ്സുകളിലെ കമ്മിറ്റികളുടെ സഹകരണത്തോടെ മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ബ്രദർ സന്തോഷ് അറയ്ക്കൽ ഈപ്പനും മാനേജിംഗ് കമ്മിറ്റി അംഗം പാസ്റ്റർ ഷിബു മുണ്ടപ്ളാക്കലും ഭക്തസ്മരണ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകി. ബ്രദർ ബിനോയി കുര്യന്റെ നേതൃത്വത്തിലുള്ള സംഗീതസംഘം ഗാനങ്ങൾ ആലപിച്ചു.

# ഷാർജയിൽ യുപിഎഫ് വിദ്യാർത്ഥി ക്യാമ്പിന് അനുഗ്രഹിത സമാപനം

## കോവിഡിന് ശേഷമുള്ള ഏറ്റവും വലിയ വിദ്യാർത്ഥി ക്യാമ്പ്

**ഷാർജ:** കോവിഡിന് ശേഷം ഏറ്റവും അധികം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ഈ വർഷത്തെ യുപിഎഫ് വിദ്യാർത്ഥി ക്യാമ്പിന് സമാപനമായി. യുഎഇയിലെ യുണൈറ്റഡ് പെന്തകോസ്തൽ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 21– 23 വരെ ഷാർജാ വർഷിപ്പ് സെന്ററിലാണ് ക്യാമ്പ് നടന്നത്.

എക്സൽ വിബിഎസിന്റെ പാഠ്യപദ്ധതിയാണ് ഈ വർഷം വിദ്യാർത്ഥി ക്യാമ്പിനായി തെരെഞ്ഞെടുത്തിരുന്നത്. വൺ പ്ളസ് എന്നതായിരുന്നു ചിന്താവിഷയം. വിഷയത്തെ അടിസ്ഥാനമാക്കി എക്സൽ ഗ്രൂപ്പ് ഡയറക്ടർ പാസ്റ്റർ അനിൽ ഇലന്തൂർ പ്രസംഗിച്ചു.

ക്യാമ്പിന്റെ വിവിധ സെക്ഷനുകളിൽ എക്സൽ വിബിഎസ് ഡയറക്ടർ പാസ്റ്റർ റിബി കെന്നത്ത്, ഗ്ലാഡ്സൺ ജയിംസ്, ഷിബു കെ ജോൺ തുടങ്ങിയവർ ക്ലാസുകളെടുത്തു. പപ്പറ്റ് ഷോ, ടീൻ ചലഞ്ച്, ആക്ഷൻ സോംഗ്, ബൈബിൾ പഠനങ്ങൾ തുടങ്ങിയവയൊക്കെ ക്യാമ്പിന്റെ പ്രത്യേകതകളായി.



ഐപിസി യുഎഇ റിജിണൽ പ്രസിഡണ്ട് ഡോ. വിൽസൺ ജോസഫ്, ചർച്ച് ഓഫ് ഗോഡ് യു എ ഇ ഓവർസിയർ ഡോ. കെ ഒ മാത്യു, പാസ്റ്റർ ജേക്കബ് വർഗീസ്, യുപിഎഫ് പ്രസിഡണ്ട് പാസ്റ്റർ നിശാന്ത് ജോർജ്, വൈസ് പ്രസിഡണ്ട് ജോർജ് വർഗീസ്, സെകട്ടറി ബ്രദർ തോമസ് വർഗീസ്, ജോ. സെക്രട്ടറി ബ്ലസൻ ഡാനിയേൽ, ട്രഷറാർ ജെയ്സൺ ജോസ്, ജോ. ട്രഷറാർ ജേക്കബ് ജോൺസൺ തുടങ്ങിയവർ അടങ്ങുന്ന കമ്മിറ്റിയാണ് യുഎഇയിൽ യു പി എഫിന് നേതൃത്വം നൽകുന്നത്.

പാസ്റ്റർമാരായ ദിലു ജോൺ, ഷിബു മുണ്ടപ്ളാക്കൽ, ബ്ലസൻ ചെറിയാൻ, കെ പി ജോസ് വേങ്ങൂർ, ജനറൽ കോർഡിനേറ്റർ സന്തോഷ് അറയ്ക്കൽ ഈപ്പൻ, മിഡിയ കോർഡിനേറ്റർ സാം അടൂർ തുടങ്ങിയവരുടെ ചുമതലയിലുള്ള കമ്മിറ്റിയാണ് ക്യാമ്പിന് നേതൃത്വം വഹിച്ചത്.



# ചന്ദ്രയാൻ 3: വാനോളം ഉയരുന്നത് ഷാർജയുടെ അഭിമാനവും!



**ചന്ദ്രയാൻ 3 മിഷനിലെ സയന്റിഫിക് ഉപകരണമായ ചെയ്സ്റ്റിന്റെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായി പ്രവർത്തിച്ചയാളാണ് ഡോ. നിസി മാത്യു. പ്രാർത്ഥനയും ദൈവ വിശ്വാസവും കൈമുതലാക്കിയ ഡോ. നിസി ഷാർജ വർഷിപ്പ് സെന്റെർ കോളെജ് ഓഫ് തിയോളജിയിലെ വിദ്യാർത്ഥിനി കൂടിയാണ്. ചന്ദ്രയാൻ 3 മിഷനിലെ പ്രവർത്തനങ്ങളെ കുറിച്ച് ക്രിസ്ത്യൻ ലൈവ് ചീഫ് എഡിറ്റർ ബ്ലസിൻ ജോൺ മലയിലുമായി ഡോ. നിസി മനസ് തുറക്കുന്നു:**

**ചന്ദ്രയാൻ മിഷനിൽ എങ്ങനെയായിരുന്നു പ്രവർത്തനം?**

ചന്ദ്രയാൻ 3 മിഷന്റെ ലാൻഡറിൽ ഒരു ഇൻസ്ട്രമെന്റുണ്ട്. ചെയ്സ്റ്റ് എന്നാണ് അതിന്റെ പേര്. ലാൻഡറിൽ നിന്ന് മൂണിലേക്ക് ഇൻസേർട്ട് ചെയ്തിട്ട് ഫസ്റ്റ് ടെൻ സെന്റിമീറ്റർ മൂണിന്റെ സർഫേസിന്റെ ടെമ്പറേച്ചർ പഠിക്കാനാണ് അതുപയോഗിക്കുന്നത്. ഈ ഇൻസ്ട്രമെന്റിന്റെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ എന്ന നിലയിലാണ് ചന്ദ്രയാൻ 3 മിഷനിൽ ഞാൻ പ്രവർത്തിച്ചിരുന്നത്.

**മിഷൻ സക്സസ് ആയപ്പോൾ എന്ത് തോന്നി?**

ലാൻഡർ ലാൻഡ് ചെയ്തപ്പോൾ തന്നെ വളരെയധികം സന്തോഷം തോന്നി. ഞങ്ങൾ മുമ്പൊരു പരാജയം കണ്ടിട്ടുള്ളവരാണ്. ലൂണാ മിഷന്റെ പരാജയം നിങ്ങളും കണ്ടതാണല്ലോ! എന്നാൽ ഈ തവണ വളരെ കൃത്യമായി മിഷൻ പ്രവർത്തിക്കുന്നതു കണ്ടപ്പോൾ ഹൃദയത്തിൽ അഭിമാനവും സന്തോഷവും ഉണ്ടായി. ഞങ്ങൾക്കൊപ്പം വളരെ നാളുകളായി ഒന്നിച്ചു പ്രവർത്തിക്കുന്നവരുടെ കൂട്ടായ്മയും കഠിനദ്ധ്വാനവും പ്രത്യേകം എടുത്ത് പറയേണ്ടതാണ്. വികസിച്ചു കൊണ്ടിരിക്കുന്ന രാജ്യം എന്ന നിലയിൽ ഇന്ത്യയുടെ ശാസ്ത്രജ്ഞന്മാരും എഞ്ചിനിയർമാരും അവരുടെ മാക്സിമം ഔട്ട് പുട്ട് തരുന്നു. അവരുടെ തൊഴിൽ ചെയ്യാനുള്ള ഉത്സാഹവും താൽപര്യവും സന്തോഷവും ഏറെ ശ്രദ്ധിക്കപ്പെടുന്നു. ഒപ്പം അവരെ എപ്പോഴും പിന്തുണക്കുന്ന കുടുംബങ്ങളുടെ കാര്യവും നാം മറക്കരുത്. ചന്ദ്രയാൻ 3 ദൗത്യം വിജയിച്ചതിൽ വളരെയേറെ സന്തോഷമാണുള്ളത്.

**ദൈവവിശ്വാസം ഈ പ്രവർത്തനത്തിൽ സഹായിച്ചിട്ടുണ്ടോ?**

ദൈവ വിശ്വാസമല്ലാതെ മറ്റൊന്നും ഈ വിഷയത്തിൽ സഹായിച്ചിട്ടില്ല. പലപ്പോഴും വളരെയധികം ബുദ്ധിമുട്ടിലൂടെ കടന്നുപോകേണ്ടിവന്നു. ഒരിക്കൽ അവസാന ഘട്ടത്തിൽ ഞങ്ങളുടെ ഉപകരണം തന്നെ പരാജയപ്പെടുന്ന വിധം വലിയ തകരാറുണ്ടായി.

പേജ് 2



കേരള സർക്കാർ
പിണറായി വിജയൻ
മുഖ്യമന്ത്രി

നം.715/പ്രസ്/സി.എം.ഒ/23 — 26 ആഗസ്റ്റ്, 2023

**സന്ദേശം**

ദുബായിയിലെ ക്രൈസ്തവസഭകളുടെ ആഭിമുഖ്യത്തിൽ 'ക്രിസ്ത്യൻ ലൈവ്' എന്ന പേരിൽ ഒരു മുഖമാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

സഭകളുടെ നേതൃത്വത്തിൽ നടത്തിവരുന്ന സാമൂഹിക-സാംസ്കാരിക, ജീവകാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിന് ഈ മാസിക ഉപകാരപ്രദമാകുമെന്ന് കരുതുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Chief Editor
'Christian Live'
E-mail : yfcindia@gmail.com

facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

## ഷാർജാ ഗോസ്പൽ ഫെസ്റ്റ്; പാസ്റ്റർ ഷിബു തോമസ് മുഖ്യാതിഥി



**ഷാർജ:** ഷാർജ ഗോസ്പൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 24, 25 തിയതികളിൽ വൈകിട്ട് 7.30 ന് ഗോസ്പൽ ഫെസ്റ്റ് '23 സംഘടിപ്പിക്കുന്നു. പാസ്റ്റർ ഷിബു തോമസ് ഒക്ലഹോമ ആയിരിക്കും മുഖ്യപ്രഭാഷണം.

ഷാർജാ വർഷിപ്പ് സെന്ററിന്റെ മെയിൻ ഹാളിൽ സംഘടിപ്പിച്ചിരിക്കുന്ന സമ്മേളനം ഐ.പി.സി യു.എ.ഇ റിജിയൻ പ്രസിഡണ്ട് റവ. ഡോ. വിൽസൺ ജോസഫ് ഉദ്ഘാടനം ചെയ്യും. സഭാ ശുശ്രൂഷകൻ റവ. ഡോ. സൈമൺ ചാക്കോ അധ്യക്ഷത വഹിക്കും. ഗോസ്പൽ സെന്റർ ക്വയർ ആരാധനയ്ക്ക് നേതൃത്വം നൽകും.

വിവരങ്ങൾക്ക്: പാ.സൈമൺ ചാക്കോ –055 8060991, ബ്രദ. എബ്രഹാം തോമസ് മേലേടത്ത് –050 7754386

## മർത്തോമ്മ സഭയ്ക്ക് പുതിയ മൂന്ന് എപ്പിസ്കോപ്പമാർ



**തിരുവല്ല:** റവ. സാജു സി പാപ്പച്ചൻ (കുന്നംകുളം ആർത്താറ്റ് മാർത്തോമ്മാ ഇടവക), റവ.ഡോ. ജോസഫ് ഡാനിയൽ (സീതത്തോട് കൊച്ചുകോയിക്കൽ ട്രിനിറ്റി മാർത്തോമ്മാ ഇടവക), റവ. മാത്യു കെ ചാണ്ടി (മല്ലപ്പള്ളി മാർത്തോമ്മാ ഇടവക) എന്നിവർ മലങ്കര മർത്തോമ്മ സുറിയാനി സഭയുടെ എപ്പിസ്കോപ്പ സ്ഥാനത്തേക്ക് തെരെഞ്ഞെടുക്കപ്പെട്ടു.

തിരുവല്ലയിലെ മർത്തോമ്മ സഭ ആസ്ഥാനത്ത് നടന്ന സഭാ പ്രതിനിധി മണ്ഠലത്തിന്റെ യോഗത്തിലായിരുന്നു തെരെഞ്ഞെടുപ്പ്.



## FROM THE DESK OF CHAIRMAN



പ്രിയ വായനക്കാരേ,

ക്രിസ്ത്യൻ ലൈവ് പ്രവർത്തനങ്ങളോട് നിങ്ങൾ കാണിക്കുന്ന സ്നേഹ സഹകരണങ്ങൾക്ക് ഹൃദയം നിറഞ്ഞ നന്ദി.

2008 ൽ ചെറിയ ഒരു പ്രവർത്തനമായി ക്രിസ്ത്യൻ ലൈവ് ഓൺലൈനിൽ ആരംഭിക്കുമ്പോൾ അതിന് പിന്നിൽ ദൈവത്തിന് വലിയ ഒരു പദ്ധതിയുണ്ടെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല. ഇന്ന് ഓരോ മണിക്കൂറിലും ദൈവ വചനം ശ്രവിക്കാൻ ലക്ഷക്കണക്കിനാളുകൾ നമ്മുടെ പ്ളാറ്റ്ഫോമിൽ എത്തുന്നു.

ക്രിസ്ത്യൻ ലൈവ് ഡിജിറ്റൽ ഡെയ്ലി ഇപ്പോൾ ആയിരക്കണക്കിനാളുകളിൽ എത്തുന്നു. വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലീഷ് മാസികയുടെ വായനക്കാർ മലയാളികൾ മാത്രമല്ല, മറിച്ച് മുപ്പതിലധികം രാജ്യങ്ങളിലുള്ളവരാണ്. ഞങ്ങൾക്ക് വേണ്ടിയുള്ള നിങ്ങളുടെ പ്രാർത്ഥനകൾക്ക് നന്ദി.

ഇപ്പോൾ ഞങ്ങൾ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ പുതിയൊരു ചുവടുവെയ്പ് നടത്തുകയാണ്. അതേ, ദുബൈയിൽ നിന്നും ക്രിസ്ത്യൻ ലൈവിന്റെ ഒരു പുതിയ പ്രിന്റഡ് ന്യൂസ് പേപ്പർ പുറത്ത് വരികയാണ്. ഈ പത്രവും നിങ്ങൾ സഹർഷം ഏറ്റെടുക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

തുടർന്നും നിങ്ങളുടെ പ്രാർത്ഥന ഈ പ്രവർത്തനത്തിന് അത്യന്താപേഷിതമാണ്. ദൈവരാജ്യത്തിന്റെ മഹത്വമേറിയ ശുശ്രൂഷയാണ് ഞങ്ങളുടെ ലക്ഷ്യം. ദൈവിക ശുശ്രൂഷയിൽ വിവിധ നിലകളിൽ ഞങ്ങൾക്കൊപ്പം പങ്കാളിയാകാൻ ആഗ്രഹിക്കുന്നവർ തീർച്ചയായും ബന്ധപ്പെട്ടാലും!

സ്നേഹത്തോടെ ക്രിസ്ത്യൻ ലൈവിനു വേണ്ടി

**ബ്രദർ അജി ജോർജ്**

ചെയർമാൻ, ക്രിസ്ത്യൻ ലൈവ്

EDITORIAL

# പ്ലീസ് ചെയ്ഞ്ച് യുവർ അഡ്രസ്!



ബ്ലസിൻ ജോൺ മലയിൽ
ചീഫ് എഡിറ്റർ

നൂറു പേർ നടന്നു പോകുന്നുവെന്ന് കരുതുക! ഒരാൾ ഉറക്കെ നിങ്ങളുടെ പേര് വിളിക്കുന്നു! തീർച്ചയായും നിങ്ങൾ തിരിഞ്ഞു നോക്കും! കാരണം ആ പേര് നിങ്ങളുടെ സ്വന്തമായിരിക്കും; ആ പേരിലാണ് ഇന്ന് നിങ്ങളെ തിരിച്ചറിയുന്നത്!

ഒരു കുട്ടി ഉണ്ടാകുമ്പോഴും വീട് നിർമ്മിക്കുമ്പോഴുമെല്ലാം പേരുകൾ തപ്പി ഓൺലൈനിൽ ചുറ്റികറങ്ങുന്ന എത്രയോ പേരെ നാം കണ്ടിട്ടുണ്ട്? പല പ്രാവശ്യം പലരോടും അവർ ചർച്ച ചെയ്യും! അതിന്റെ അർത്ഥങ്ങൾ അന്വേഷിക്കും! ഒടുവിൽ, ആലോചിച്ച് ഉറപ്പിച്ച് ഒന്ന് സെലക്ട് ചെയ്യും! കാരണം ആ പേര് ആ വ്യക്തിയുടെ ജീവിതത്തെ തന്നെ വളരെയധികം സ്വാധിനിക്കുന്നതാണ്!

ഉദാഹരണത്തിന്, സുഗുണയെന്ന ആൾ ജീവിതത്തിൽ ഒരിക്കലും ആർക്കും ഒരു ഗുണവും ചെയ്യാത്തവൾ ആണെങ്കിൽ...? സന്തോഷാകട്ടെ, ജീവിതത്തിൽ ഒരാൾക്ക് പോലും സന്തോഷം കൊടുക്കാതെ വിഷമിപ്പിക്കുയാണെങ്കിൽ..?

നിശ്ചയമായും, ഇപ്പോൾ നിങ്ങൾക്കൊരു വീട്ടു പേരും സ്ഥലപ്പേരും പിൻകോടും എല്ലാമുള്ള ഒരു വിലാസം ഉണ്ടാകും!നാട്ടിൻ പുറത്താകട്ടെ, മുൻ തലമുറയുടെയും മാതാപിതാക്കളുടെയും പേരിലാകും നിങ്ങൾ അറിയപ്പെടുന്നത്! ഒരു കാലത്ത് മത്തായി സാറിന്റെ കൊച്ചുമകനെന്നും പിന്നിട് എന്റെ പിതാവ് ഒരു സഭാ ശുശ്രൂഷകൻ ആയിരുന്നതിനാൽ ഉപദേശിയുടെ മകനെന്നും ഒക്കെ കേരളത്തിലെ ഒരു കൊച്ചു ഗ്രാമത്തിൽ അറിയപ്പെട്ടിരുന്നത് ഞാൻ ഇപ്പോൾ ഓർമ്മിക്കുകയാണ്.

ലൂക്കോ.3:38: ഇവിടെ വൈദ്യനായ ലൂക്കോസ് - മറ്റൊരാളെ പരിചയപ്പെടുത്തുകയാണ്! 'ആദാം ദൈവത്തിന്റെ മകൻ!' ആദാമിനെ പരിചയപ്പെടുത്താൻ ലൂക്കോസിന് മറ്റ് മാർഗ്ഗങ്ങൾ,എന്തെല്ലാം ഉണ്ടായിരുന്നു? മിസ്റ്റർ ആദാം, ഹസ്ബൻഡ് ഓഫ് ഹവ്വ, ഏദെൻ എസ്റ്റേറ്റ്, ഈസ്റ്റ് ഓഫ് റിവർ ഫ്രാത്ത് എന്നൊക്കെ കുറിക്കാമായിരുന്നില്ലേ?

ആദമിന്റെ തെറ്റു കുറ്റങ്ങൾ ഒന്നോർപ്പിക്കാമായിരുന്നില്ലേ? പക്ഷേ എല്ലാം മറന്ന് ലൂക്കോസ് ഇവിടെ പരിചയപ്പെടുത്തുകയാണ് -ആദം! അവൻ ദൈവത്തിന്റെ പുത്രൻ! ഇങ്ങനെയൊരു വിലാസം ലോകത്ത് ആർക്കാണ് ലഭിക്കുന്നത്?

ദൈവത്തിന്റെ പുത്രൻ എന്ന് വിളിക്കപ്പെടാൻ നിങ്ങൾ ഇഷ്ടപ്പെടുന്നുവോ?

ദൈവിക സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മറ്റുള്ളവരെ കാണുമ്പോൾ, അവർ ദൈവത്തിന്റെ മക്കളാണെന്ന് നിങ്ങൾക്ക് തോന്നുന്നുവോ? ഇനി മറ്റുള്ളവർ നിങ്ങളെ നോക്കുമ്പോഴോ? ഇപ്പോൾ ദൈവം നിങ്ങളെ നോക്കുകയാണ്: ദൈവത്തിന്റെ വിലാസത്തിലാണോ നിങ്ങൾ അറിയപ്പെടുന്നത്? അല്ലെങ്കിൽ ഇപ്പോൾ തന്നെ നാം സ്വയം പറയണം - പ്ളീസ് ചെയ്ഞ്ച് മൈ അഡ്രസ്!




## നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ

ക്രിസ്ത്യൻ ലൈവിലേക്ക് നിങ്ങൾ ഒരു പരസ്യം നൽകുമ്പോൾ സംഭവിക്കുന്നത്

1. ഫെയ്സ്ബുക്കിലൂടെ
മിഡിൽ ഈസ്റ്റ് ക്രിസ്ത്യൻ ലൈവിന്റെ ഫെയ്സ്ബുക്ക് കൂട്ടായ്മയിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക്. Middle East Christian Youth Ministries
2. യൂ ട്യൂബിലൂടെ
ക്രിസ്ത്യൻ ലൈവ് യൂ ട്യൂബിലൂടെ ലക്ഷക്കണക്കിനാളുകളിലേക്ക്. Christian Live
3. ഡിജിറ്റൽ ദിനപത്രത്തിലൂടെ
ക്രിസ്ത്യൻ ലൈവ് മലയാളം ദിനപത്രത്തിലൂടെ ആയിരങ്ങളിലേക്ക്. Christian Live Digital Daily
4. ഡിജിറ്റൽ വീക്ക്ലിയിലൂടെ
വിംഗ്സ് ഓഫ് ഹോപ്പ് ഇംഗ്ലീഷ് വീക്ക്ലിയിലൂടെ മുപ്പതിലധികം രാജ്യങ്ങളിലേക്ക്. Wings of Hope
5. ന്യൂസ് പേപ്പറിലൂടെ
ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിലൂടെ യുഎഇയുടെ വിവിധ ഭാഗങ്ങളിലേക്ക്. Christian Live Dubai Edition
6. വെബ്സൈറ്റിലൂടെ
ഓരോ മണിക്കൂറിലും അപ്ഡേറ്റ് ചെയ്യുന്ന വാർത്തകൾ കാണാനായി ആയിരങ്ങൾ സന്ദർശിക്കുന്ന ക്രിസ്ത്യൻ ലൈവ് വെബ് സൈറ്റിലൂടെ ജനങ്ങളിലേക്ക് ഞങ്ങൾ അത് എത്തിക്കുന്നു: www.christianlive in

അപ്പോൾ ഇനി മടിച്ചു നിൽക്കേണ്ട, ഇപ്പോൾ തന്നെ ഞങ്ങളെ വിളിക്കുക: +971 55 862 1000

ക്രിസ്ത്യൻലൈവ് ദിനപത്രം സൗജന്യ കോപ്പിക്ക് +91 9188522220

ക്രിസ്ത്യൻലൈവ് ലൈവ് സ്ട്രീമിംഗ് +971 55 8621000 +91 9846552220

CHRISTIAN LIVE
UAE EDITION
എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
ബ്ലസിൻ ജോൺ മലയിൽ

മാനേജിംഗ് എഡിറ്റർ
അജി ജോർജ്

പബ്ളിഷർ
സന്തോഷ് അറയ്ക്കൽ ഈപ്പൻ

ന്യൂസ് എഡിറ്റർ
പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ

+971 55 8621000

ലേഖനങ്ങളിലെ ആശയങ്ങൾക്കുള്ള ഉത്തരവാദിത്തം ലേഖകർക്ക് മാത്രം.

## പ്രാർത്ഥിക്കുമോ? സഹായിക്കുമോ?



ഹരിയാനയിലും പഞ്ചാബിലും ക്രിസ്ത്യൻ ലൈവുമായി ചേർന്ന് പ്രവർത്തിക്കുന്ന ചില സഭകൾ സുവിശേഷ വിരോധികളുടെ നിരന്തരമായ ഭീഷണികൾ നിമിത്തം വളരെയധികം ക്ലേശത്തിലുടെ കടന്നുപോകുന്നു. ഇവിടെയുള്ള സഭകൾക്ക് സ്വന്തമായി ബിൽഡിംഗുകൾ അത്യാവശ്യമാണ്. പാസ്റ്റർ ഗുർമെയിൽ ഗിൽ ഇവിടെ ശുശ്രൂഷിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയെ ക്ഷണിക്കുന്നു.

## സഭകളുടെ പിന്തുണ



ക്രിസ്ത്യൻ ലൈവ് മീഡിയ മിനിസ്ട്രിയുടെ ഡിജിറ്റൽ ഡെയിലി ദിനപത്രം ഒന്നര വർഷത്തോളം പിന്നിടുമ്പോൾ, ക്രൈസ്തവ സഭകളുടെ വാർത്തകളുമായി ദുബായിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ക്രിസ്ത്യൻ ലൈവിന്റെ പുതിയ പ്രവർത്തനത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ. ഇതിന്റെ പ്രവർത്തനങ്ങൾക്ക് സഭകളുടെ എല്ലാവിധ പിന്തുണയും ഉണ്ടായിരിക്കുന്നതാണ്. ഇതിനു പിന്നിൽ പ്രവർത്തിക്കുന്ന എല്ലാവരെയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**റവ. ഡോ. കെ. സി. ജോൺ**
ചെയർമാൻ, പവർവിഷൻ ടി വി

## ആശ്വാസവും അനുഗ്രഹവും




ക്രിസ്ത്യൻ ലൈവിന്റെ എല്ലാ നല്ല ആത്മിയ പ്രവർത്തനങ്ങൾക്കും അസംബ്ളീസ് ഓഫ് ഗോഡ് പ്രസ്ഥാനത്തിന്റെ പിന്തുണയുണ്ട്. യുഎഇയിൽ നിന്ന് പുറത്തിറങ്ങുന്ന എഡിഷനും ആശംസകൾ നേരുന്നു. പ്രവർത്തനങ്ങൾ അനേകർക്ക് ആശ്വാസവും അനുഗ്രഹവുമാകട്ടെ! ദൈവനാമം മഹത്വപ്പെടട്ടെ ! പ്രാർത്ഥനയിൽ ഓർക്കുന്നു!

**റവ. റ്റി ജെ സാമുവേൽ**
സൂപ്രണ്ട്, അസംബ്ളിസ് ഓഫ് ഗോഡ്,
മലയാളം ഡിസ്ട്രിക്ട് കൗൺസിൽ

ഇന്നത്തെ സന്ദേശം

## തക്കസമയത്തുള്ള ഭക്ഷണം



പാസ്റ്റർ ദാനിയേൽ വില്യംസ്,
അബുദാബി



ഇക്കഴിഞ്ഞ വെക്കേഷൻ സമയത്ത് അപ്രതിക്ഷിതമായി എന്റെ ഒരു പ്രിയ സുഹൃത്തിന്റെ മകളെ ഒരു ചടങ്ങിനിടെ കണ്ടുമുട്ടി. സൗഹൃദ സംഭാഷണത്തിനിടെ അവൾ ഒരു കാര്യം തുറന്ന് പറഞ്ഞു: ദൈവവും ദൈവികമായ കൂട്ടായ്മ ബന്ധങ്ങളും അവൾ അവസാനിപ്പിച്ചിട്ട് നാളുകളായിരിക്കുന്നത്രേ! സഭയ്ക്കുള്ളിൽ ആയിരുന്നപ്പോൾ ഉണ്ടായിരുന്നതിലും അധികം സമാധാനം ഇപ്പോൾ അവൾക്കുണ്ടെന്ന വാക്കുകൾ എന്നെ ഞെട്ടിച്ചുകളഞ്ഞു

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. യുവജനങ്ങളെ ദൈവത്തിലേക്കും ആത്മിയതയിലേക്കും നയിക്കുന്നതിൽ സഭകൾ പരാജയപ്പെട്ടിരിക്കുന്നു. സഭയ്ക്കുള്ളിൽ അവശേഷിക്കുന്ന ന്യനപക്ഷമാകട്ടെ അത്യന്തം അസംതൃപ്തരുമാണ്. യേശു ക്രിസ്തുവുമായുള്ള വ്യക്തിപരമായ ബന്ധവും ആത്മിയ കൂട്ടായ്മകളിലെ സന്തോഷവും അവരിൽ മിക്കവരും അനുഭവിക്കുന്നതേയില്ല. ഭവനത്തിന്റെയും സഭയുടെയും നിയന്ത്രണങ്ങളിൽ നിന്നും സ്വതന്ത്രമാകുന്നതോടെ അവരെ കാത്തിരിക്കുന്ന അനന്തമായ സാധ്യതകൾ അവരെ പിശാചിന്റെ കരാളഹസ്തങ്ങളിൽ എത്തിക്കുന്നു. എന്നന്നേക്കുമായി അവരിൽ പലരും നഷ്ടപ്പെട്ടതിന് ശേഷം മാത്രമായിരിക്കും നാം അതറിയുന്നത് തന്നെ!

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച ഉപമകളിൽ ശ്രദ്ധേയമായ ഒന്നാണ് വിശ്വസ്തനായ ഗൃഹവിചാരകന്റെ ഉപമ (ലൂക്കോ 12:42-48). യജമാനൻ ദാസനെ ഏൽപിച്ച ഉത്തരവാദിത്തം വീട്ടിലുള്ളവർക്ക് തക്കസമയത്ത് ആഹാരം കൊടുക്കുക എന്നതായിരുന്നു. ഭക്ഷണം കഴിക്കുന്നതുപോലെ പ്രധാനമാണ് കൃത്യ സമയത്തുള്ള ഭക്ഷണവും. ഗൾഫുനാടുകളിൽ ജീവിക്കുന്ന അനേകർ ജോലിത്തിരക്കുകൾക്കിടയിൽ കൃത്യസമയത്ത് ഭക്ഷണം കഴിക്കുന്നതിൽ ശ്രദ്ധിക്കാത്തവരാണ്. പിൽക്കാലത്ത് അത്തരം ശീലം അവരെ നിത്യരോഗികളാക്കി തീർക്കുകയും ചെയ്യും.

മാതാപിതാക്കൾ മക്കൾക്ക് വിഭവസമൃദ്ധവും പോഷകപ്രദവുമായ ഭക്ഷണം നൽകുന്നതിൽ അങ്ങേയറ്റം ശ്രദ്ധാലുക്കളാണ്. പക്ഷേ അവരുടെ ആത്മിയ ജീവിതം സംബന്ധിച്ച് ശ്രദ്ധയും ഉത്സാഹവും അവരിൽ പലരും കാണിക്കാറേയില്ല. കുടുംബമായി ഒന്നിച്ചുള്ള പ്രാർത്ഥനകൾ, വചനധ്യാനം എന്നിവയൊക്കെ നമ്മുടെ ഭവനങ്ങളിൽ അന്യമായി കൊണ്ടിരിക്കുന്നു. കുഞ്ഞുങ്ങൾക്ക് തക്കസമയത്ത് കൊടുക്കേണ്ട ആത്മീയ പോഷണം ലഭിക്കാതെ വരുമ്പോൾ ആത്മിയ വിഷയങ്ങളിൽ അവർ മന്ദതയുള്ളവരും താൽപര്യമില്ലാത്തവരുമായിതീരുന്നു.ഇതിനൊരു മാറ്റമുണ്ടാകട്ടെ!

കുഞ്ഞുങ്ങൾ ആത്മിയ ഭക്ഷണം ഭവനങ്ങളിൽ നിന്നും പ്രാപിക്കട്ടെ! സഭയും സണ്ടേസ്കൂളും അവരെ ആത്മിയ അനുഭവങ്ങളിൽ സഹായിക്കുമ്പോൾ തന്നെ ആത്മിയ അനുഭവങ്ങളുടെ തുടക്കം ഭവനങ്ങളിൽ നിന്നും ആരംഭിക്കട്ടെ! ഉത്തരവാദിത്തമുള്ള, ദൈവകൃപയുള്ള അടുത്ത തലമുറയ്ക്കായി നമുക്ക് പ്രയത്നിക്കാം.

## ഐസിപിഎഫ് ഇംപാക്റ്റ് സീരീസ് 4

**ഷാർജ:** യുഎഇയിൽ ഐസിപിഎഫിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ഇംപാക്ട് പ്രോഗ്രാമിന്റെ നാലാമത് സീരീസ് ആഗസ്റ്റ് 26 ന് ഷാർജാ വർഷിപ്പ് സെന്ററിൽ നടന്നു. സമ്മേളനത്തിൽ പാസ്റ്റർ ബ്ലസൻ ഡാനിയേൽ ക്ലാസുകൾ നയിച്ചു. സന്തോഷ് ഈപ്പൻ, ഗോഡ് വിൻ ഫ്രാൻസിസ്, ജെബി മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

## സെപ്തംബർ 5 അധ്യാപകദിനം



**ഏറ്റവും വലിയ അംഗികാരം**

ജനം എന്നെ ഒരു നല്ല അദ്ധ്യാപകനായി ഓർക്കുന്നുവെങ്കിൽ അത് എനിക്കുള്ള ഏറ്റവും വലിയ അംഗികാരമാകും; ഒരു വ്യക്തിയുടെ സ്വഭാവം, കഴിവ്, ഭാവി എന്നിവ രൂപപ്പെടുത്തുന്ന വളരെ ശ്രേഷ്ഠമായ തൊഴിലാണ് അദ്ധ്യാപനം.

**എ.പി.ജെ. അബ്ദുൾ കലാം**

## വേഗതയുടെ ട്രാക്കിൽ ദുബായിൽ മലയാള ക്രൈസ്തവ വിശ്വാസി



**ദുബായ്:** യുഎഇയിലെ വിവിധ എമിറേറ്റുകളിലെയും ക്ലബ്ബുകളിലെയും ഓട്ട മത്സരങ്ങളിൽ സജീവ സാന്നിധ്യവും ജേതാവുമായി ക്രൈസ്തവ വിശ്വാസി കൗതുകമുണർത്തുന്നു. സുലേഖ ഹോസ്പിറ്റലിലെ ജീവനക്കാരനായ ബിജു യോഹന്നാനാണ് താരം. ഈ രംഗത്ത് ഇതിനോടകം പതിനൊന്ന് മെഡലുകൾ സ്വന്തമാക്കിയ ബിജു 2020-ലെ യു.എ.ഇ ദേശീയ ദിനാചരണത്തോടനുബന്ധിച്ചു നടന്ന ഓട്ട മത്സരത്തിലും ജേതാവായിരുന്നു.

സകുടുംബം ഷാർജയിൽ പാർക്കുന്ന ഇദ്ദേഹം പുനലൂർ സ്വദേശിയും. ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ശാലോം ഷാർജ സഭാംഗവുമാണ്.

## ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പർ: പബ്ളീഷർ സന്തോഷ് അറയ്ക്കൽ ഈപ്പൻ; ന്യൂസ് എഡിറ്റർ പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ


ബ്രദർ സന്തോഷ് അറയ്ക്കൽ


പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ

**ദുബായ്:** ക്രിസ്ത്യൻ ലൈവ് ന്യൂസ് പേപ്പറിന്റെ യുഎഇ എഡിഷൻ പബ്ളിഷറായി ബ്രദർ സന്തോഷ് അറയ്ക്കൽ ഈപ്പനും ന്യൂസ് എഡിറ്ററായി പാസ്റ്റർ ഷിബു മുണ്ടപ്ളാക്കലും ചുമതല വഹിക്കും. ഷാർജ കല്ലുമല ചർച്ച് ഓഫ് ഗോഡ് സഭാംഗമായ ബ്രദർ സന്തോഷ് അറയ്ക്കൽ ഈപ്പൻ എക്സോഡ് ഓവർസിസ് എഡ്യുക്കേഷന്റെ ജനറൽ മാനേജരാണ്.

യൂഎഇ പിവൈപിഎ റീജിയണൽ പ്രസിഡണ്ടായ പാസ്റ്റർ ഷിബു മുണ്ടപ്ളാക്കൽ ഷാർജ ബെർശേബ ഐപിസി യുടെ സഭാ ശുശ്രൂഷകനാണ്. പാസ്റ്റർ ഷിബു മുണ്ടപ്ളാക്കലിന്റെ നേതൃത്വത്തിൽ യുഎഇ യുടെ വിവിധ ഭാഗങ്ങളിൽ റിപ്പോർട്ടർമാരെ നിയമിച്ച് വാർത്താ വിഭാഗം വിപുലമാക്കാനാണ് ക്രിസ്ത്യൻ ലൈവിന്റെ ശ്രമം.

## ലീഡർഷിപ്പ് കോൺഫറൻസ്

**ഷാർജ:** പി.വൈ.പി.എ യു.എ.ഇ റീജിയന്റെ ആഭിമുഖ്യത്തിൽ ഷാർജ യൂണിയൻ ചർച്ച് ഹാളിൽ ലീഡർഷിപ്പ് കോൺഫറൻസ് നടന്നു. പേഴ്സിക്യൂഷൻ റിലീഫ് സ്ഥാപകൻ ബ്രദർ ഷിബു തോമസ് മുഖ്യതിഥിയായിരുന്നു. ബ്രദർ ടിബിൻ തങ്കച്ചൻ, ബ്രദർ എബെൻ ഹബീബ്, ഇവാ. കെ പി രാജൻ എന്നിവർ ഗാനങ്ങൾ ആലപിച്ചു.

# ചന്ദ്രയാൻ 3: വാനോളം ഉയരുന്നത് ഷാർജയുടെ അഭിമാനവും!

ഒന്നാം പേജിൽ നിന്നും തുടർച്ച

വളരെ നാളുകൾ കൊണ്ട് ഉണ്ടാക്കിയ ആ ഉപകരണം മാറ്റി വെയ്ക്കേണ്ടി വന്നു. പിന്നീട് ചുരുങ്ങിയ കാലം കൊണ്ടാണ് മറ്റൊന്ന് ഉണ്ടാക്കിയത്. ആ സമയത്തൊക്കെ ദൈവവിശ്വാസം ഉള്ളതു കൊണ്ടാണ് ഞങ്ങൾ നിലനിന്നത്. എന്റെ സഹവിശ്വാസികൾ എനിക്കായി പ്രാർത്ഥിച്ചു. വളരെ വിഷമിച്ച ഒരു ഘട്ടത്തിൽ, പിന്നിൽ നിന്ന് പ്രാർത്ഥിക്കാനായി എന്റെ വിശ്വാസ സമൂഹം കൂടെ നിന്നു. ഈ സന്ദർഭത്തിൽ, ഷാർജ വർഷിപ്പ് സെന്റർ കോളെജ് ഓഫ് തിയോളജിയുടെ ഡീനായ പാസ്റ്റർ സൈമൺ ചാക്കോയെ ഞാൻ സ്മരിക്കുന്നു. മുന്നോട്ട് പോകാൻ നിവർത്തിയില്ലാതെ വരുമ്പോൾ അദ്ദേഹത്തിന് ഞാൻ ഒരു മെസേജ് അയക്കും. അദ്ദേഹം വചനത്തിലൂടെ എന്നെ ആശ്വസിപ്പിക്കും; പ്രാർത്ഥിക്കും. കഴിഞ്ഞ കുറെ നാളുകളായി ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു പാട് ദൈവത്തോട് അടുക്കാനും തത്ഫലമായി ഒടുവിൽ ദൈവപ്രവർത്തി കാണാനും ഇടയായി.

**ഈ രംഗത്തേക്ക് കടന്ന് വരാൻ ആഗ്രഹിക്കുന്ന പുതു തലമുറയോട് എന്താണ് പറയാനുള്ളത്?**

ഈ രംഗത്ത് എന്നല്ല, ഏത് രംഗത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരോടും പറയാനുള്ള ഒരേയൊരു കാര്യം ദൈവം നമുക്കായി ഒരു സ്ഥാനം എല്ലായിടത്തും കരുതിയിട്ടുണ്ടെന്നാണ്. വളരെ ചെറിയ പ്രായത്തിൽ തന്നെ ദൈവത്തോട് അടുത്ത് ജീവിക്കുകയാണെങ്കിൽ, നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം നമ്മിൽ പൂർത്തികരിക്കും. നാം ദൈവിക കാര്യങ്ങളിൽ സമർപ്പണവും ഉത്തരവാദിത്തവും ഉള്ളവരാണെങ്കിൽ, നിശ്ചയമായിട്ടും ദൈവത്തിന് നമ്മെ സഹായിക്കാനും ഏർപ്പെടുന്ന മേഖലയിൽ അനുഗ്രഹമായി എടുത്ത് ഉപയോഗിക്കുവാനും സാധിക്കും.

**സ്വന്തം കുടുംബത്തെക്കുറിച്ച്?**

കുടുംബത്തിന്റെ പിന്തുണയും പ്രാർത്ഥനയും ഉള്ളതു കൊണ്ടാണ് ഈ രംഗത്ത് പ്രവർത്തിക്കാൻ എനിക്ക് സാധിക്കുന്നത്. എന്റെ ഭർത്താവ് റെംസി ഒരു സോഫ്ട് വയർ കമ്പിനി നടത്തുകയാണ്.ഞങ്ങൾക്ക് മൂന്നു മക്കളുണ്ട്. എന്റെ മാതാപിതാക്കൾ പത്തനാപുരത്ത് വാഴത്തോപ്പ് എന്ന സ്ഥലത്ത് മുള വേലിൽ കുടുംബാംഗങ്ങളാണ്. ഉള്ളൂർ ഇടത്തുണ്ടിൽ കുടുംബാംഗമായ റെംസി തരകന്റെ ഭാര്യയാണ് ഡോ. നിസി. മക്കൾ:ജോർജ്, ഗ്രേസ്, ജോഷ്വ.



## ബൈബിളിലെ വനിതകൾ

ബീന കോശി

> സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? സാത്താൻ പരീക്ഷിക്കാൻ എത്തിയപ്പോൾ യേശു സ്വികരിച്ച നിലപാട് എന്തായിരുന്നു? വചനം കൊണ്ട് അതിനെ നേരിട്ടു. പക്ഷേ അതിന് സാധിക്കാത്ത ഹവ്വയാകട്ടെ, ഇവിടെ സാത്താന്റെ പ്രലോഭന വാക്കുകളിൽ വീണു പോകുന്നു. നിരവധി പ്രലോഭനങ്ങളുമായി ഇന്നും സാത്താൻ നിങ്ങളെ സമീപിക്കും! ദൈവ വചനവുമായി അവനെ നേരിടുക!



# ഹവ്വയുടെ സാദൃശ്യമുള്ള ചിലർ!

ബൈബിളിൽ ആദ്യം പേര് രേഖപ്പെടുത്തിയ സ്ത്രീയാരാണ്? ഹവ്വ! ജീവൻ ഉള്ളവർക്കെല്ലാം മാതാവ്! മനുഷ്യകുലത്തെ പാപത്തിലേക്ക് തള്ളിവിട്ടവൾ! ഒരു പക്ഷേ ജീവിതത്തിൽ ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൾ! ലോകം ഒന്നടങ്കം കുറ്റപ്പെടുത്തിയവൾ!

പക്ഷേ ഒരിക്കൽ കൂടെ സൂക്ഷിച്ച് നോക്കിയാൽ നമ്മിൽ പലരുടെയും മുഖത്തിന് ഹവ്വയുടെ ഒരു ചെറിയ ഛായയെങ്കിലും ഉണ്ടാകുമെന്നതാണ് യാഥാർത്ഥ്യം! ഇതാ ഒരു പിടി ചിന്തകൾ...

**ഹവ്വ: ഉള്ള നന്മകളിൽ ലക്ഷ്യം ഉറപ്പിക്കാത്തവൾ:**

ഒരു പാട് നന്മകൾ ഹവ്വയ്ക്ക് ചുറ്റും ഉണ്ടായിരുന്നു. സ്നേഹ നിധിയായ ഭർത്താവ്, സമൃദ്ധമായ തോട്ടം, കായ്ഫലം നിറഞ്ഞ വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ, കളകളാരവത്തോടെ ഒഴുകുന്ന നദികൾ എല്ലാറ്റിനും ഉപരി ദൈവിക സാന്നിധ്യം - അക്ഷരാർത്ഥത്തിൽ ഒരു പറുദീസയിലാണ് ഹവ്വ ജീവിച്ചത്! പക്ഷേ അതെല്ലാം മറന്ന് അവൾക്ക് ഇല്ലാത്ത, ദൈവം വിലക്കിയ ആ ഒന്നിനെ ചൊല്ലി മാത്രം ഹവ്വയുടെ ഹൃദയം ആകുലപ്പെട്ടു! ഇന്ന് ദൈവം നൽകിയ നന്മകളെയെല്ലാം മറന്ന് നാമും ഇങ്ങനെയൊരു ആകുലത്തിൽ പെട്ടിട്ടുണ്ടോ? എങ്കിൽ ഹവ്വയുടെ ഛായ നമ്മിലേക്കും പടർന്നിരിക്കുന്നു!

**ഹവ്വ: ദൈവം ഒരിക്കൽ കൽപിച്ചതിൽ സംശയിച്ചവൾ:**

ദൈവിക കൽപനയെ ഹവ്വ സംശയിച്ചു. ദൈവം നിശ്ചയമായും അങ്ങനെ കൽപിച്ചിട്ടുണ്ടോ? ഉണ്ട്! എന്നത് തന്നെയാണ് ശരിയായ ഉത്തരം!പക്ഷേ സാത്താന്റെ ചോദ്യത്തിന് മുമ്പിൽ അവൾ തകർന്നു! - ദൈവിക കൽപനയിൽ സംശയത്തിന് യാതൊരു സ്ഥാനവുമില്ല! ദൈവം നിങ്ങൾക്ക് നൽകിയ വാഗ്ദത്തത്തിൽ അൽപം പോലും സംശയിക്കേണ്ടതില്ല! അഥവാ, സംശയിച്ചാൽ സാത്താന് അതിൽ കയറി പ്രവർത്തിക്കാനാകും.

**ഹവ്വ: പരീക്ഷകളിൽ തകർന്നവൾ:**

സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ? സാത്താൻ പരീക്ഷിക്കാൻ എത്തിയപ്പോൾ യേശു സ്വികരിച്ച നിലപാട് എന്തായിരുന്നു? വചനം കൊണ്ട് അതിനെ നേരിട്ടു. പക്ഷേ അതിന് സാധിക്കാത്ത ഹവ്വയാകട്ടെ, ഇവിടെ സാത്താന്റെ പ്രലോഭന വാക്കുകളിൽ വീണു പോകുന്നു. നിരവധി പ്രലോഭനങ്ങളുമായി ഇന്നും സാത്താൻ നിങ്ങളെ സമീപിക്കും! ദൈവ വചനവുമായി അവനെ നേരിടുക!

**ഹവ്വ:ലോകത്തിലുള്ളതെല്ലാം അവളുടെ നിയന്ത്രണത്തിലല്ല:**

ചുറ്റുമുള്ള എല്ലാ കാര്യങ്ങളെയും നിയന്ത്രി ക്കാൻ ഇന്ന് നിങ്ങൾക്ക് കഴിയുമോ? ഇല്ല! ദൈവത്തിന്റെ പരമാധികാരത്തിൻ കീഴിലാണ് നാം വസിക്കേണ്ടത്! അതുകൊണ്ട് നാം എടുക്കുന്ന എല്ലാ തീരുമാനങ്ങളിലും ദൈവത്തിന് കൃത്യമായ അവസരം കൊടുക്കണം! പലപ്പോഴും നാം അത് മറക്കുകയാണ്! പകരം സ്വന്തം വഴികൾ തെരെഞ്ഞെടുക്കുകകയാണ്! ഇവിടെ ഹവ്വയും തീരുമാനം കൈകൊള്ളുന്നതിന് മുമ്പ് ദൈവത്തിന് അവസരം ഒരുക്കുന്നില്ല!

**ഹവ്വ: ഭൗതിക നന്മകൾ അവളെ സംതൃപ്തമാക്കിയില്ല:**

ഭൗതിക നന്മകൾക്ക് പിന്നാലെയുള്ള ഒരു യാത്രയിലാണ് നാം! സമൂഹം! എല്ലാ ഭൗതിക നന്മകളും വെട്ടിപ്പിടിക്കാനുള്ള ഒരു ത്വര നമ്മിലുണ്ട്. അടുത്തതു കൂടെ നേടി കഴിഞ്ഞാൽ സംതൃപ്തമാകുമെന്നാണ് നാം ചിന്തിക്കുന്നത്! പക്ഷേ യാഥാർത്ഥ്യമോ? ഭൗതിക നന്മകളൊന്നും നമ്മെ സംതൃപ്തിപ്പെടുത്തില്ല! അറിവിന്റെ വൃക്ഷഫലം കൂടെ ലഭിച്ചാൽ ജീവിതംസംതൃപ്ത മാകുമെന്നാണ് ഹവ്വ ചിന്തിച്ചത്! പക്ഷേ സംഭവിച്ചത് മറ്റൊന്നായിരുന്നു.

**ഹവ്വ: അവൾ ദൈവത്തിന്റെ ഏറ്റവും പ്രിയപ്പെട്ട പൈതലാണ്:**

ഭൗതിക നന്മകളെ നോക്കിയാണ് ലോകം നിങ്ങളെ വിലയിരുത്തുന്നത്! നിങ്ങൾക്ക് നല്ലൊരു വിദ്യഭ്യാസം, ജോലി, പണം, വീട്, ബന്ധം ഒക്കെയുണ്ടെങ്കിൽ നിങ്ങളൊരു വലിയ 'പുള്ളി' യാണെന്ന് ലോകം കരുതും! പക്ഷേ നിങ്ങൾ ദൈവത്തിന്റെ പൈതലാണെന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ കാര്യം - ഭാഗ്യവും! 'ഇവൻ എന്റെ പ്രിയ പുത്രൻ' - യേശുവിന്റെ സ്നാനശുശ്രൂഷയിൽ നാം ആ വാക്കുകൾ കേൾക്കുന്നുണ്ട്! തിരുവെഴുത്തിൽ നമ്മെ കുറിച്ചും പല പ്രാവശ്യം അത് ആവർത്തിക്കുന്നുണ്ട്! അതേ, നന്മയുടെ ഫലത്തെക്കാൾ വലുതായി ഹവ്വയും അത് കാണേണ്ടിയിരുന്നു...!

## ആത്മിക വളർച്ചയ്ക്ക് നല്ലത്



ക്രിസ്ത്യൻ ലൈവ് മീഡിയയുടെ മലയാളം പബ്ലിക്കേഷൻ സെപ്റ്റംബർ മാസം മുതൽ യുഎഇ ആരംഭിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. യുഎഇയിലുള്ള മലയാളം ചർച്ചസിന്റെ വാർത്തകൾ പരസ്പരം അറിയുന്നതും പങ്കെടുക്കുന്നതും ആത്മീക വളർച്ചയ്ക്ക് പരസ്പരം മനസ്സിലാക്കലിന്നും തമ്മിൽ തമ്മിലുള്ള കൂട്ടായ്മയ്ക്കും സഹായകരമാണ്.

ഇന്ന് ലോകത്തിന്റെ നെറുകയിൽ എത്തിക്കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് ദുബായ്. ഏകദേശം 30 വർഷങ്ങൾക്ക് മുൻപ് ഞാൻ ശുശ്രൂഷ ചെയ്തിരുന്ന സ്ഥലത്ത് ഒരു പാരിഷ് ഹാൾ നിർമ്മിക്കുന്നതിന്റെ അവസാന ഘട്ടം പൂർത്തീകരിക്കുന്നതിന് വേണ്ടി ആദ്യമായി വിമാനത്തിൽ കയറിയിറങ്ങിയ എയർപോർട്ടും കാച്ചാണം അമ്മച്ചിയുടെ ആദ്യ സംഭാവനയും എല്ലാ സഭാ വിഭാഗങ്ങളും എല്ലാ മതസ്ഥരും നൽകിയ സ്നേഹവും ഇന്നും മനസ്സിൽ നിറഞ്ഞ നിന്നുകൊണ്ട് ആ രാജ്യത്തിന് (UAE) എല്ലാ അനുഗ്രഹ സമൃദ്ധിയും നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നതോടൊപ്പം എന്റെ സഹോദരൻ ബ്ലെസ്സിൻ ജോൺ മലയിൽ ചീഫ് എഡിറ്ററായി പ്രവർത്തിക്കുന്ന ഈ സംരംഭത്തിന് എല്ലാ ആശംസകളും പ്രാർത്ഥനകളും അർപ്പിക്കുന്നു.

**റൈറ്റ്. റവ. ഡോ. ഉമ്മൻ ജോർജ്ജ്**
ബിഷപ്പ്. സി.എസ്.ഐ കൊല്ലം -കൊട്ടാരക്കര മഹായിടവക

## നല്ല എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക!



സഹോദരങ്ങളേ, ദൈവം ഓരോ വ്യക്തിയിലും പലവിധത്തിലുള്ള താലന്തുകൾ ഏൽപിച്ചിട്ടുണ്ട്. അതിനെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ക്രിസ്ത്യൻ ലൈവ് കാണിക്കുന്ന എല്ലാ പരിശ്രമങ്ങളും ശ്ലാഘനിയമാണ്. ഇപ്പോൾ പുതിയ ഒരു പ്രസിദ്ധികരണവുമായി രംഗത്ത് വരുന്നു. നല്ല എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക! ആശംസകൾ

**ഡോ. പ്രകാശ് പി തോമസ്**
ജനറൽ സെക്രട്ടറി
കേരള കൗൺസിൽ ഓഫ് ചർച്ചസ്

## ക്രിസ്തീയ സഭകളുടെ മുഖപത്രം



ക്രിസ്തീയ സഭകളുടെ മുഖപത്രം എന്ന നിലയിൽ 'ക്രിസ്ത്യൻ ലൈവ്' എന്ന ഒരു പ്രസിദ്ധീകരണം നിലവിൽ വരുകയാണെല്ലോ.സഭാ വിശ്വാസികൾ തമ്മിൽ കൂടുതൽ അറിയുവാനും പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കുവാനും സമൂഹത്തിന്റെ പൊതു നന്മയ്ക്കുവേണ്ടി നിലകൊള്ളുവാനും ഈ മാധ്യമത്തിലൂടെ ഇടയാകട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.ദൈവം അനുഗ്രഹിക്കട്ടെ.
സ്നേഹത്തോടെ

**സിറിൽ വർഗ്ഗീസ് വടക്കടത്ത് അച്ചൻ**
പ്രസിഡന്റ്, കെ. സി.സി. റാസ് അൽ ഖൈമ സോൺ. വികാരി,
സെന്റ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച്, റാസ് അൽ ഖൈമ.

## കുട്ടികളുടെ ലോകം

ദെബോരാ ആന്റി

# നമുക്കും ചിലരെ പ്രോത്സാഹിപ്പിക്കാം!



കൊച്ചു കൂട്ടുകാരേ, ഇന്നത്തെ ദിവസം നിങ്ങൾ ആരെയെങ്കിലും പ്രോത്സാഹിപ്പിച്ചിരുന്നോ? അവർ ഒരു പാട്ടുപാടിയപ്പോൾ നിങ്ങൾ കൈ കൊട്ടിയിരുന്നോ? നന്നായിരിക്കുന്നുവെന്ന് പറഞ്ഞിരുന്നോ?

ആന്റി, ഇന്ന് കൂട്ടുകാരോട് ചില കാര്യങ്ങൾ പങ്കുവെക്കാം! ഇസ്രായേൽ ജനത്തിന്റെ നേതാവായ മോശയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാകും. ഒരിക്കൽ അമാലേക്കിനോട് യുദ്ധം ചെയ്യാനായി ഇസ്രായേൽ ജനം പോയി. മോശെ കൈ ഉയർത്തുമ്പോൾ ഇസ്രായേൽ ജയിക്കും; താഴ്ത്തുമ്പോഴാകട്ടെ, അമാലേക്കും!

മോശെയുടെ കൈ താഴാതിരിക്കേണ്ടത് ഇസ്രായേലിന്റെ ആവശ്യമായിരുന്നു! അതുകൊണ്ട് അഹരോനും ഹൂരും മോശെയുടെ ഇരുവശവും നിന്ന് ആ കൈകൾ താങ്ങി; അത് ഒരിക്കലും താഴാതിരിക്കേണ്ടതിനായി പിടിച്ചുയർത്തി. ഒടുവിൽ ഇസ്രായേൽ ചിന്തിച്ചതുപോലെ വിജയം കൈവരിക്കുകയും ചെയ്തു.

കൂട്ടുകാരെ, മോശെയുടെ കൈകൾ താഴാതിരിക്കാനായി അഹരോനും ഹൂരും ശ്രമിച്ചതു പോലെ നമുക്കും ചില ഉത്തരവാദിത്തങ്ങളില്ലേ? ദൈവം നമ്മുടെ കൂട്ടുകാരെ ഏൽപിച്ചിരിക്കുന്ന താലന്തുകൾ നിലെച്ചുപോകാതിരിക്കാനായി നമ്മുക്ക് എന്ത് ചെയ്യാനാകും? എങ്ങനെ അവരെ പ്രോത്സാഹിപ്പിക്കാനാകും? ഇപ്പോൾ ചിന്തിക്കുക!

(വായിക്കാൻ അറിയാത്ത കൂട്ടുകാർക്ക് ഈ രചന മാതാപിതാക്കൾ വായിച്ചു കൊടുക്കേണമേ!)




അമേരിക്കയിലെ ടെക്സാസിൽ ആരാധനയിൽ പങ്കെടുക്കാൻ താൽപര്യപ്പെടുന്നവർക്ക്

COMFORT FULL GOSPEL CHURCH
3255 Broadway
Garland. Tx. 75043
Tel. +1 214 289 2177

CONTACT PR. SABU JOSEPH







## ക്രിസ്ത്യൻ ലൈവ് മിഡിൽ ഈസ്റ്റ് ബൈബിൾ ക്വിസ്

**ദിനവും ബൈബിൾ വായിക്കൂ!**
**കൈ നിറയെ സമ്മാനങ്ങളും നേടൂ!**

യു എ ഇയിലെ ഏഴ് എമിറേറ്റ്സുകളിൽ ഒന്നിൽ താമസിക്കുന്നയാളാണോ നിങ്ങൾ?

എങ്കിൽ ക്രിസ്ത്യൻ ലൈവ് യു.എ.ഇ. എഡിഷനിൽ ഉടൻ ആരംഭിക്കുന്ന മിഡിൽ ഈസ്റ്റ് ബൈബിൾ ക്വിസിൽ നിങ്ങൾക്ക് പങ്കെടുക്കാനാകും!

ഓരോ മാസവും പത്തു ചോദ്യങ്ങൾ വീതമുണ്ടാകും. തുടർച്ചയായി ഒരു വർഷം എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം നൽകുന്നവർക്ക് മാത്രമാണ് സമ്മാനങ്ങൾ ലഭിക്കുന്നത്.

വിശദ വിവരങ്ങൾക്ക് അടുത്ത ലക്കം കാണുക.

## രചനകൾ ക്ഷണിക്കുന്നു

അടുത്ത ലക്കത്തിലേക്കുള്ള നിങ്ങളുടെ രചനകൾ ഈ മാസം 20 ന് മുമ്പ് അയച്ചു തന്നാലും. യോഗ്യമായവ പ്രസിദ്ധികരിക്കുന്നതായിരിക്കും. സ്ഥാപനങ്ങളുടെയും മറ്റും പരസ്യങ്ങൾ നൽകാൻ ആഗ്രഹിക്കുന്നവരും ബന്ധപ്പെടുക: +91 98465 52220

# ക്യാമ്പിൽ അധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കണം: അനിൽ ഇലന്തൂർ

**യുഎഇ യിൽ ആയിരത്തോളം വിദ്യാർത്ഥികളെ സംഘടിപ്പിച്ച് നടത്തിയ യുപിഎഫ് വിദ്യാർത്ഥി ക്യാമ്പിലെ മുഖ്യ അധ്യാപകനായിരുന്നു എക്സൽ വിബിഎസ് ഡയറക്ടർ അനിൽ ഇലന്തൂർ! പിന്നിട്ട ദിവസങ്ങളെക്കുറിച്ച് ഒരു വിലയിരുത്തൽ നടത്തുകയാണ് അദ്ദേഹം.**

**എക്സൽ - ഈ വർഷത്തെ തീം - വൺ പ്ളസ് - എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കിയത്?**

നാം ഒരിക്കലും ഒറ്റയ്ക്കല്ല, മറിച്ച് ദൈവം എപ്പോഴും നമ്മോടു കൂടെയുണ്ട്. വേദപുസ്തകത്തിൽ ഉടനീളം തന്റെ ഭക്തന്മാരുടെ ഏകാന്തതയിൽ 'വൺ പ്ളസ്' ആയി ദൈവം വെളിപ്പെട്ടു. ജോസഫിനൊപ്പം കാരാഗ്രഹത്തിലും പൊട്ടകിണറ്റിലും അഗ്നിയിൽ യഹൂദ ബാലന്മാർക്കൊപ്പവും പത്മോസിൽ യോഹന്നാനൊപ്പവും ദൈവിക സാന്നിധ്യമുണ്ടായി. ക്യാമ്പിൽ പങ്കെടുത്ത മക്കൾക്കൊപ്പം അവരുടെ പ്രതിസന്ധികളിൽ ദൈവിക സാന്നിധ്യം പള്സ് വൺ' ആയി വെളിപ്പെടുമെന്നാണ് ഈ തീമിലൂടെ നാം അവർക്ക് പറഞ്ഞു കൊടുത്തത്.

**യു എ ഇ വിദ്യാർത്ഥി ക്യാമ്പിന് തിരശീല വീണു. എങ്ങനെയാണ് സ്വയം വിലയിരുത്തൽ?**

ഏറ്റവും അനുഗ്രഹിക്കപ്പെട്ട ക്യാമ്പായിരുന്നു ഇത്. മൂന്ന് ദിവസത്തെ പ്രോഗ്രാം - മൂന്നു ഗ്രൂപ്പുകളായി തിരിച്ചു. മൂന്നു മുതൽ അഞ്ചു വയസു വരെയുള്ളവരെ ഒരു ഗ്രൂപ്പും ആറു മുതൽ പതിന്നാലു വയസുവരെയുള്ളത് മറ്റൊരു ഗ്രൂപ്പും പതിനഞ്ചു വയസിന് മുകളിലുള്ളവരെ ടീൻ ചലഞ്ചായും തിരിച്ചു. ധാരാളം പ്രോഗ്രാമുകൾ ഉണ്ടായിരുന്നു. അനവധി വിദ്യാർത്ഥികൾ രക്ഷിക്കപ്പെട്ടു. മിക്കവരും മിഷണറിമാരാകാൻ സമർപ്പിച്ചു.

**മറ്റ് സ്ഥലങ്ങളിൽ നിന്നും എന്ത് വ്യത്യസ്തതയാണ് യുഎഇ യിലെ വിദ്യാർത്ഥികൾ പുലർത്തുന്നത്?അവർ നേരിടുന്ന പ്രശ്നങ്ങൾ? പരിഹാരങ്ങൾ?**

850 വിദ്യാർത്ഥികൾ ഈ പ്രാവശ്യം രജിസ്റ്റർ ചെയ്തു. ഊർജ്ജസ്വലരായ വിദ്യാർത്ഥികളാണ് ഇവിടെയുള്ളത്. റാലി നടത്തിയത് പ്രത്യേകതയായി. ധാരാളം പ്രതിസന്ധികളിലൂടെയാണ് നമ്മുടെ മക്കൾ കടന്നുപോകുന്നത്. പല പ്രശ്നങ്ങളെകുറിച്ചും ക്യാമ്പിൽ അവർ സംസാരിച്ചു. നമ്മുടെ ഇവിടെയുള്ള യൂത്ത് ലീഡേഴ്സ് അവരെ ഫോക്കസ് ചെയ്യണം. ഒരു ക്യാമ്പ് കൊണ്ട് എല്ലാമാകുമെന്ന് ചിന്തിക്കരുത്. മറിച്ച് ഒരു ചെടി നട്ട് ഇടയ്ക്കിടെ വളവും വെള്ളവും കൊടുക്കുമ്പോഴാണ് ഫലം ഉണ്ടാകുന്നതെന്ന് മറക്കരുത്.

**യുഎഇയിലെ വിദ്യാർത്ഥികളുടെ മാതാപിതാക്കളോട്?**

മക്കൾക്ക് ആത്മിയ പരിപോഷണം നൽകാൻ ജീവിത തിരക്കുകളിൽ മാതാപിതാക്കൾ മറന്നുപോകുന്നു. സണ്ടേസ്കൂളിൽ മാത്രമല്ല വീടുകളിൽ തന്നെ മക്കൾക്ക് ദൈവ വചനം പറഞ്ഞു കൊടുക്കാൻ നിങ്ങൾ തയ്യാറാകണം. അവർക്ക് എപ്പോഴും മാതാപിതാക്കളോട് തുറന്ന് സംസാരിക്കാനുള്ള അവസരം ഒരുക്കണം. അപ്പോൾ അവരെ തിരുത്താനും സത് വഴിയിൽ നയിക്കാനും നിങ്ങൾക്ക് സാധിക്കും. ഒത്തിരി മാറ്റങ്ങൾ സംഭവിക്കുന്ന ഒരു കാലമാണിത്. മക്കളെ ശ്രദ്ധയോടെ തിരുവെഴുത്തിലേക്ക് നയിക്കണം. മക്കളുടെ ആത്മിയ ജീവിതത്തിൽ മാതാപിതാക്കൾക്ക് വലിയ പങ്കുണ്ട്.



**വിദ്യാർത്ഥി ക്യാമ്പിൽ എന്തൊക്കെ മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു?**

എല്ലാം നന്നായിട്ട് ചെയ്യാൻ സംഘാടകർക്ക് സാധിച്ചു അതുകൊണ്ടാണ് ഇത്രയധികം കുട്ടികൾ പങ്കെടുത്തത്. അഭിനന്ദനങ്ങൾ! എങ്കിലും ചില പുതിയ നിർദേശങ്ങൾ വെയ്ക്കാം! 10:1 എന്ന നിലയിൽ അധ്യാപകരെ ക്ലാസുകൾ നയിക്കാൻ വയ്ക്കുന്നത് നല്ലതാണ്. ഒപ്പം വോളണ്ടിയേഴ്സിന്റെ റെസ്പോൺസിബിലിറ്റിയെ കുറിച്ച് അവരെ മുമ്പ് തന്നെ ബോധവാന്മാരാക്കണം; ക്യാമ്പിൽ എല്ലാ ദൈവദാസന്മാരുടെയും പങ്കാളിത്വം വർദിപ്പിക്കണം. നിങ്ങൾ കടന്ന് വന്ന് നിങ്ങളുടെ മക്കളെ ദൈവസന്നിധിയിൽ അനുഗ്രഹിച്ച് പ്രാർത്ഥിക്കണം.

## അനുമോദനാർഹം



പുതുതായി ആരംഭിക്കുന്ന ക്രിസ്ത്യൻ ലൈവ് യു.എ.ഇ എഡിഷന് ഐപിസി യുഎഇ റീജിയണിന്റെ ആശംസകൾ നേരുന്നു. യുഎഇ യിലെ ജീവിത തിരക്കുകൾക്കിടയിൽ സുവിശേഷ വ്യാപ്തിക്കായി നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും അനുമോദനാർഹമാണ്.
എല്ലാ സഭകളുടെയും വാർത്തകൾക്ക് ഒരു പോലെ പ്രാധാന്യം നൽകാൻ ശ്രദ്ധിക്കുക! ദൈവം അനുഗ്രഹിക്കട്ടെ!

**റവ. ഡോ. വിൽസൺ ജോസഫ്,** പ്രസിഡണ്ട്, ഐപിസി യുഎഇ റീജിയൺ

## ഇതാ പുതിയ ഒരു പദ്ധതി



കഴിഞ്ഞ ദിവസങ്ങളിൽ ക്രിസ്ത്യൻ ലൈവ് യു എ ഇയുടെ വിവിധ ഭാഗങ്ങളിൽ നടത്തിയ സംഗീതസന്ധ്യകൾ അനേകർക്ക് അനുഗ്രഹമായി. ഇപ്പോൾ ഇതാ പുതിയ ഒരു പദ്ധതിയുമായി നിങ്ങൾ എത്തുന്നതിൽ സന്തോഷിക്കുന്നു. യുഎഇയിലുള്ള വിവിധ ക്രൈസ്തവ സഭകളുടെ വിവരങ്ങൾ ചേർത്ത് ഒരു പത്രം അത്യന്താപേഷിതമാണ്.

സഭകൾ തമ്മിലുള്ള ഐക്യം വർദ്ധിപ്പിക്കാനും പ്രവർത്തനം വിശാലമാക്കാനും അത് വഴിയൊരുക്കും! ഇവിടെയുള്ള ഏറ്റവും ചെറിയ സുവിശേഷ പ്രസ്ഥാനത്തിന്റെ വാർത്തകൾ വരെ അതിൽ ചേർക്കാൻ ശ്രദ്ധിക്കുക!

ദൈവം പ്രവർത്തനത്തെ വിശാലമാക്കട്ടെ! ആശംസകൾ

**റവ. ഡോ. കെ ഒ മാത്യു**
നാഷണൽ ഓവർസിയർ, യുഎഇ

# ദൈവജനം ഉണർന്ന് പ്രാർത്ഥിക്കണം: പാസ്റ്റർ ജെയ്സ് പാണ്ടനാട്

**ഷാർജ:** മണിപ്പൂരിൽ ക്രൈസ്തവ സമൂഹം അക്രമിക്കപ്പെടുന്ന സാഹചര്യത്തിൽ ദൈവജനം ഉണർന്ന് പ്രാർത്ഥിക്കണമെന്ന് പെന്തക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യ(കേരളം) യുടെ സംസ്ഥാന സെക്രട്ടറി പാ. ജെയ്സ് പാണ്ടനാട് പ്രസ്താവിച്ചു.

ക്രിസ്ത്യൻ ലൈവിന്റെ നേതൃത്വത്തിൽ ഷാർജയിൽ നടന്ന മണിപ്പൂർ പ്രാർത്ഥനയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സമ്മേളനത്തിൽ ഷാർജ യൂണിറ്റ് പ്രസിഡണ്ട് പാ. രാജീവ് സേവ്യർ അധ്യക്ഷത വഹിച്ചു. ശാരോൻ സി ഇ എം പ്രസിഡണ്ട് പാ. ജോമോൻ ജോസഫ്, പാ. ഗ്ലാഡ്സൺ വി കാരോട്ട് തുടങ്ങിയവർ പ്രസംഗിച്ചു.

ബ്ര. ലാലു പാമ്പാടി സംഗിത ശുശ്രൂഷ നയിച്ചു.

ക്രിസ്ത്യൻ ലൈവ് ഷാർജാ യൂണിറ്റ് സെക്രട്ടറി ബ്ര. അലക്സ് സാമുവേൽ, ട്രഷറാർ ബ്ര. ജോബി ഏബ്രഹാം, മിഡിൽ ഈസ്റ്റ് കോർഡിനേറ്റർ ബ്ര. സന്തോഷ് അറക്കൽ ഈപ്പൻ, മാനേജിംഗ് കമ്മിറ്റി അംഗം പാ. ഷിബു മുണ്ടപ്ളാക്കൽ തുടങ്ങിയവർ നേതൃത്വം കൊടുത്തു

# ബിരുദദാന സമ്മേളനം

**ഷാർജ:** വർഷിപ്പ് സെന്റർ കോളേജ് ഓഫ് തിയോളജിയുടെ 12-ാമത് ബിരുദദാന സമ്മേളനം ഷാർജാ വർഷിപ്പ് സെന്ററിൽ നടന്നു.

റവ. ഡോ. സ്റ്റാലിൻ കെ. തോമസ് (IATA ഇന്റർനാഷണൽ ഡയറക്ടർ), ഡോ. ജെയിംസ് ആൻഡ്രൂ വിൽസൺ, കാനഡ (IATA ഇന്റർനാഷണൽ ഓർഗനിസർ) എന്നിവർ മുഖ്യ അതിഥികളായിരുന്നു.

ഇന്ത്യ പെന്തക്കോസ്ത് ദൈവസഭയുടെ (ഐപിസി) അംഗീകാരമുള്ള മിഡിൽ ഈസ്റ്റിലെ ഏക ബൈബിൾ കോളേജാണ് വർഷിപ്പ് സെന്റർ കോളേജ് ഓഫ് തിയോളജി.




ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിഷനുമുണ്ട് (IATA). റവ. ഡോ. വിൽസൺ ജോസഫാണ് കോളേജ് ഡയറക്ടർ.

# മണിപ്പൂരുകൾ ആവർത്തിക്കരുത്: പ്രകാശ് പി തോമസ്



കേരള കൗൺസിൽ ഓഫ് ചർച്ചസ് റാസൽഖൈമ സോണിന്റെ നേതൃത്വത്തിൽ മണിപ്പൂർ കലാപത്തിലെ ദുരിതബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് വേണ്ടി നടത്തിയ സമ്മേളനം കെ സി സി ജനറൽ സെക്രട്ടറി ഡോ. പ്രകാശ് പി തോമസ് ഉദ്ഘാടനം ചെയ്യുന്നു. ഷാജി തോമസ്, ഡെജി പൗലോസ്, റവ. മഞ്ജുനാഥ് സുന്ദർ, ഫാ. സിറിൽ വർഗീസ് വടക്കേടത്ത്, ജെറി ജോൺ എന്നിവർ സമീപം.

**റാസൽഖൈമ:** ഭാരതത്തിൻെറ മനസ്സാക്ഷിക്ക് മുറിവുണ്ടാക്കിയ മണിപ്പൂരുകൾ ആവർത്തിക്കരുത് എന്നും മണിപ്പൂരിൽ കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരവും ജോലിയും നൽകുന്നതോടൊപ്പം തകർക്കപ്പെട്ട കെട്ടിടങ്ങൾ പുനർ നിർമ്മിച്ചു കൊടുക്കുന്നതിനും സർക്കാർ തയ്യാറാകണമെന്ന് കേരള കൗൺസിൽ ഓഫ് ചർച്ചസ് ജനറൽ സെക്രട്ടറി ഡോക്ടർ പ്രകാശ് പി തോമസ് ആവശ്യപ്പെട്ടു. കെ സി സി റാസൽഖൈമ സോണിന്റെ നേതൃത്വത്തിൽ മണിപൂർ കലാപത്തിലെ ദുരിതബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിന് വേണ്ടി റാസൽഖൈമ സെൻറ് തോമസ് മാർത്തോമാ പള്ളിയിൽ നടന്ന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രകാശ് പി തോമസ്. കെസിസി സോൺ പ്രസിഡൻറ് സിറിൽ വർഗീസ് വടക്കടത്ത് അച്ചൻ അധ്യക്ഷത വഹിച്ചു.

മണിപ്പൂരിൽ നടക്കുന്ന അക്രമങ്ങളിൽ ആശങ്ക രേഖപ്പെടുത്തി കൊണ്ടുള്ള പ്രതിഷേധ പ്രമേയം ജെറി ജോൺ അവതരിപ്പിച്ചു. റവ. മഞ്ജുനാഥ സുന്ദർ, ഷാജി തോമസ്, ഡെജി പൗലോസ്, ലീന വർഗീസ്, അജി സഖറിയ എന്നിവർ പ്രസംഗിച്ചു.







## സങ്കീർത്തനങ്ങളിലൂടെ...

- പൊതുവെ ജ്ഞാന സങ്കീർത്തനം എന്നറിയപ്പെടുന്നു.
- ഈ അധ്യായത്തിൽ എഴുത്തുകാരൻ ജീവിതത്തിന്റെ രണ്ട് വഴികൾ നമുക്ക് മുമ്പിൽ വയ്ക്കുകയാണ്:
- ഒന്ന് – സന്തോഷത്തിലേക്ക് നയിക്കുന്ന ശരിയായ വഴി. രണ്ട് – ദുരിതത്തിലേക്ക് നയിക്കുന്ന തെറ്റായ വഴി
- ഈ വഴികളിൽ ദൈവത്തിന്റെ മാർഗനിർദേശം പിന്തുടരാനുള്ള നമ്മുടെ തിരഞ്ഞെടുപ്പിൽ നിന്നാണ് യഥാർത്ഥ സന്തോഷം ഉണ്ടാകുന്നത്.

